# പാഠം 4: ഇസ്രായേൽജനത ഈജിപ്തിൽ

| No. | ചോദ്യം | ഉത്തരം |
|---|---|---|
| 1 | യാക്കോബിനു എത്ര പുത്രന്മാർ ഉണ്ടായിരുന്നു? | പന്ത്രണ്ട് |
| 2 | യാക്കോബിന്റെ മൂത്ത പുത്രന്റെ പേര് എന്ത്? | റൂബൻ |
| 3 | യാക്കോബിന്റെ ഇളയ പുത്രന്റെ പേര് എന്ത്? | ബഞ്ചമിൻ. |
| 4 | യാക്കോബിന് തന്റെ മക്കളിൽ ആരോടായിരുന്നു കൂടുതൽ പ്രിയം ? | ജോസഫിനോട് |
| 5 | യാക്കോബിന്റെ പന്ത്രണ്ട് മക്കളുടെ പേരുകൾ ഏതെല്ലാം? | 1. റൂബൻ, 2. ശിമയോൻ, 3. ലേവി, 4. യൂദാ, 5. ദാൻ, 6. നഫ്താലി, 7. ഗാദ്, 8. ആഷേർ, 9. ഇസ്സാക്കാർ, 10. സെബുലൂൺ, 11. ജോസഫ്, 12. ബഞ്ചമിൻ. |
| 6 | ജോസഫിന് ഉണ്ടായ സ്വപ്നങ്ങൾ ഏതെല്ലാം? | 1. യാക്കോബിന്റെ മക്കൾ പാടത്ത് കറ്റകെട്ടിക്കൊണ്ടിരിക്കുകയായിരുന്നു. അപ്പോൾ ജോസഫിന്റെ കറ്റ എഴുന്നേറ്റു നിന്നു. മറ്റുള്ളവരുടെ കറ്റകളെല്ലാം എഴുന്നേറ്റുവന്ന് ജോസഫിന്റെ കറ്റയെ താണുവണങ്ങി.<br><br>2. സൂര്യനും ചന്ദ്രനും പതിനൊന്നു നക്ഷത്രങ്ങളും ജോസഫിനെ താണുവണങ്ങി. |
| 7 | എന്തുകൊണ്ടാണ് ജോസഫിന്റെ സഹോദരന്മാർ ജോസഫിനെ കൂടുതൽ വെറുത്തത്? | ജോസഫിന് ഉണ്ടായ സ്വപ്നങ്ങളും വാക്കുകളും നിമിത്തം സഹോദരന്മാന്മാർ അവനെ കൂടുതൽ വെറുത്തു. |
| 8 | ഈജിപ്തിലെ രാജാവായ ഫറവോയുടെ സേനാനായകൻ ആര്? | പൊത്തിഫർ |
| 9 | പൊത്തിഫർ ജോസഫിനെ കാരാഗൃഹത്തിൽ അടയ്ക്കാൻ കാരണമെന്ത്? | പൊത്തിഫറിന്റെ ഭാര്യ തന്നോടൊപ്പം പാപം ചെയ്യുവാൻ ജോസഫിനെ നിർബന്ധിച്ചു. ജോസഫ് അതിനു സമ്മതിച്ചില്ല. കോപിഷ്ഠനായ അവൾ പൊത്തിഫറിന്റെ പക്കൽ ജോസഫിനെപറ്റി അപവാദം പറഞ്ഞു ധരിപ്പിച്ചു. അതിനാലാണ് പൊത്തിഫർ ജോസഫിനെ കാരാഗൃഹത്തിൽ അടച്ചത്. |
| 10 | കാരാഗ്രഹത്തിലടയ്ക്കപ്പെട്ട പാനപാത്രവാഹകന്റെയും പാചകപ്രമാണിയുടെയും സ്വപ്നങ്ങൾ വ്യാഖ്യാനിച്ചുകൊടുത്തത് ആരാണ്? | ജോസഫ് |
| 11 | ഫറവോ കണ്ട സ്വപ്നങ്ങൾ ഏതെല്ലാം? | 1. ഫറവോ നൈൽ നദീതീരത്തു നിൽക്കുകയായിരുന്നു. കൊഴുത്ത് അഴകുള്ള ഏഴു പശുക്കൾ നദിയിൽ നിന്നു കയറിവന്നു. അവ പുൽത്തകിടിയിൽ മേഞ്ഞുകൊണ്ടുനിന്നു. അതിനുശേഷം മെലിഞ്ഞു വിരൂപമായ വേറെ ഏഴു പശുക്കൾ നൈലിൽ നിന്നു കയറി, നദീതീരത്തു നിന്ന മറ്റു പശുക്കളുടെ അടുത്തുവന്നു നിന്നു. മെലിഞ്ഞു വിരൂപമായ പശുക്കൾ കൊഴുത്ത അഴകുള്ള പശുക്കളെ വിഴുങ്ങിക്കളഞ്ഞു.<br><br>2. ഒരു തണ്ടിൽ പുഷ്ടിയും അഴകുമുള്ള ഏഴു ധാന്യക്കതിരുകൾ വളർന്നുപൊങ്ങി. തുടർന്ന് ഏഴു കതിരുകൾ കൂടി ഉയർന്നു വന്നു. അവ ശുഷ്കിച്ചവയും കിഴക്കൻ കാറ്റിൽ ഉണങ്ങിക്കരിഞ്ഞവയുമായിരുന്നു. ശോഷിച്ച ഏഴു കതിരുകൾ പുഷ്ടിയും അഴകുമുള്ള കതിരുകളെ വിഴുങ്ങിക്കളഞ്ഞു. |

| | | |
|---|---|---|
| 12 | ഫറവോയുടെ സ്വപ്നങ്ങൾ വ്യാഖ്യാനിച്ചു കൊടുത്തത് ആരാണ്? | **ജോസഫ്** |
| 13 | 1. ഫറവോയുടെ സ്വപ്നത്തിനു ജോസഫ് നൽകിയ വ്യാഖ്യാനമെന്ത്? | **ഈജിപ്തു മുഴുവൻ സുഭിക്ഷത്തിന്റെ ഏഴു വർഷങ്ങൾ വരാൻ പോകുന്നു. അതേത്തുടർന്ന് ക്ഷാമത്തിന്റെ ഏഴു വർഷങ്ങളുമുണ്ടാകും. സമൃദ്ധിയുടെ കാലം ഈജിപ്തു രാജ്യം മറന്നു പോകും. ക്ഷാമം നാടിനെ കാർന്നുതിന്നും.** |
| 14 | ഈജിപ്തിന്റെ ഗവർണറായി നിയമിക്കപ്പെട്ട യാക്കോബിന്റെ പുത്രൻ | **ജോസഫ്** (അവന് അപ്പോൾ മുപ്പത് വയസ്സായിരുന്നു) |
| 15 | ജോസഫിന്റെ മക്കൾ ആരെല്ലാം? | **മനാസ്സെ, എഫ്രായിം എന്നിവർ** |
| 16 | 2. യാക്കോബിന്റെ മക്കൾ ഈജിപ്തിലെക്കു പുറപ്പെടാൻ കാരണമെന്ത്? | **കാനാൻദേശത്തു യാക്കോബിനുണ്ടായിരുന്ന ധാന്യമെല്ലാം തീർന്നു. ഈജിപ്തിൽ ധാന്യമുണ്ടെന്നറിഞ്ഞപ്പോൾ യാക്കോബു മക്കളോടു പറഞ്ഞു. നാം മരിക്കാതെ ജീവൻ നിലനിർത്താൻവേണ്ടി അവിടെപോയി നമുക്ക് ധാന്യം വാങ്ങിക്കൊണ്ടുവരുവിൻ (ഉൽപത്തി 42:14). അങ്ങനെ യാക്കോബിന്റെ മക്കൾ ഈജിപ്തിലേക്കു പുറപ്പെട്ടു.** |
| 17 | 3. ഈജിപ്തിലേക്കുള്ള യാത്രാമദ്ധ്യേ ദൈവം യാക്കോബിനോട് അരുളിചെയ്തതെന്ത്? | **ഈജിപ്തിലേക്കു പോകാൻ ഭയപ്പെടേണ്ടാ. കാരണം, അവിടെ ഞാൻ നിന്നെ വലിയൊരു ജനമായി വളർത്തും. ഞാൻ നിന്റെകൂടെ ഈജിപ്തിലേക്കു വരും** |
| 18 | യാക്കോബും മക്കളും ഈജിപ്തിൽ പാർത്ത ദേശം | **റംസേസ്** |
| 19 | 4. ദൈവത്തിന്റെ പദ്ധതിയിൽ ജോസഫിന്റെ ജീവിതകഥ വ്യക്തമാക്കുന്നതെന്ത്? | **അടിമയായി ഈജിപ്തിലെത്തിയ ജോസഫ് പ്രതിസന്ധികളിലൂടെ കടന്നുപോയെങ്കിലും ഈജിപ്തിന്റെ അധികാരമായിത്തീർന്നു. ഒടുവിൽ പിതാവിനും സഹോദരന്മാർക്കും സംരക്ഷണം നൽകുകയും ചെയ്തു. ദൈവം വഴിനടത്തുന്ന അനുഭവങ്ങൾ അത്ഭുതകരങ്ങളാണെന്ന് ജോസഫിന്റെ ജീവിതം വ്യക്തമാക്കുന്നു.** |
| 20 | ആരാണ് ഇസ്രായേലിലെ പന്ത്രണ്ട് ഗോത്രങ്ങളായി മാറിയത്? | **യാക്കോബിന്റെ മക്കളാണ് ഇസ്രായേലിലെ പന്ത്രണ്ട് ഗോത്രങ്ങളായി മാറിയത്.** |
| 21 | 5. പഴയനിയമത്തിലെ ഗോത്രപിതാക്കന്മാരുടെ സ്ഥാനത്ത് പുതിയജനമായ സഭയെ നയിക്കുന്നത് ആരാണ്? | **പുതിയ ദൈവജനമായ സഭയെ നയിക്കുന്നത് പന്ത്രണ്ടു ശ്ലീഹന്മാരും അവരുടെ പിൻഗാമികളുമാണ്** |
| 22 | പഴയനിയമത്തിന്റെ പൂർത്തീകരണമാണ് ....... . എന്ത്? | **പുതിയനിയമം** |
| 23 | പന്ത്രണ്ടു ശ്ലീഹന്മാർ ആരെല്ലാം? | **പത്രോസ്, അന്ത്രയോസ്, യാക്കോബ്, യോഹന്നാൻ, പീലിപ്പോസ്, ബർത്തലോമിയോ, മത്തായി, തോമസ്, ഹൽപൈയുടെ പുത്രനായ യാക്കോബ്, ശിമയോൻ, യൂദാ തദേവൂസ്, യൂദാസ് സ്കറിയോത്ത എന്നിവർ** |
| 24 | ഉൽപ്പത്തി 49:25 എഴുതുക? | **‘നിന്റെ പിതാവിന്റെ ദൈവം നിനക്കു തുണയായിരിക്കും’** |